# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.268 | 01/12/2014 ൽ മറുപടിക്ക് |
|---|---|

### മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാർ ഇപ്പോൾ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട്; ഏതെല്ലാം കേസുകളിൽ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഇപ്പോഴത്തെ മന്ത്രിസഭയിലെ മുഖ്യ മന്ത്രിയടക്കം 4 മന്ത്രിമാർ ഇപ്പോൾ സത്വരാന്വേഷണം നേരിടുന്നുണ്ട്. അന്വേഷണം നേരിടുന്ന മന്ത്രിമാർ<br>1. ശ്രീ.ഉമ്മൻചാണ്ടി - ബഹു.മുഖ്യമന്ത്രി<br>2.ശ്രീ.കെ.എം.മാണി - ബഹു.ധനകാര്യനിയമവകുപ്പ് മന്ത്രി<br>3.ശ്രീ.അടൂർ പ്രകാശ് - ബഹു.റവന്യൂ വകുപ്പ് മന്ത്രി<br>4.ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് - ബഹു.പൊതുമരാമത്ത് മന്ത്രി<br>1. ശ്രീ.കെ.കേശവദാസ് (ഹിന്ദു ഐക്യവേദി തൃശ്ശൂർ ജില്ലാ കമ്മിറ്റി സെക്രട്ടറി) സമർപ്പിച്ച സി.എം.പി - 1416/2014 എന്ന പരാതിയിൽ ബഹു. തൃശ്ശൂർ വിജിലൻസ് കോടതിയുടെ 22.09.2014 – ലെ ഉത്തരവിന്മേൽ നടക്കുന്ന സത്വരാന്വേഷണത്തിൽ (ക്യൂ.വി.81/2014/തൃശ്ശൂർ) താഴെപ്പറയുന്ന മന്ത്രിമാർ ഉൾപ്പെടുന്നു.<br>1. ശ്രീ.ഉമ്മൻചാണ്ടി - ബഹു.മുഖ്യ മന്ത്രി.<br>2.ശ്രീ.കെ.എം.മാണി - ബഹു.ധനകാര്യനിയമ വകുപ്പ് മന്ത്രി<br>3.ശ്രീ.അടൂർ പ്രകാശ് - ബഹു.റവന്യൂ വകുപ്പ് മന്ത്രി<br>(2) ശ്രീ.ഗിരീഷ് ബാബു.ജി.(സ്വകാര്യ വ്യക്തി) ബഹു.തൃശ്ശൂർ വിജിലൻസ് കോടതി മുമ്പാകെ സമർപ്പിച്ച സി.എം.പി.- 1495/2014 എന്ന പരാതിയിൽ ബഹു.കോടതിയുടെ 01.10.2014 – ലെ ഉത്തരവിന്മേൽ ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (ബഹു.പൊതുമരാമത്ത് മന്ത്രി) സത്വരാന്വേഷണം (ക്യൂ.വി.216/2014/എസ്.സി.ഇ) നേരിടുന്നു.<br>(3) ബാറുകളുടെ നിരോധനം പിൻലിക്കുന്നതിനായി - ബഹു.ധനകാര്യ നിയമ വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണിയ്ക്ക് ഒരു കോടി രൂപ കോഴ നല്കിയെന്ന പ്രമുഖ അബ്കാരി കോൺട്രാക്ടർ ഡോ.ബിജു രമേശിന്റെ ആരോപണത്തിന്റെ അടിസ്ഥാനത്തിലും ബാർ ഉടമകൾ മന്ത്രിമാർക്ക് കോഴ നല്കിയതും മറ്റും സംബന്ധിച്ച് ബഹു.പ്രതിപക്ഷ നേതാവ് ശ്രീ.വി.എസ്.അച്യുതാനന്ദൻ നല്കിയ |

| | | | |
|---|---|---|---|
| | | | പരാതിയുടേയും അടിസ്ഥാനത്തിലും ഉത്തരവിട്ട സത്വരാന്വേഷണവും (ക്യൂ.വി.14/2014/ എസ്.ആർ.ടി.) ശ്രീ.കെ.എം.മാണി (ധനകാര്യ നിയമ വകുപ്പ് മന്ത്രി) നേരിടുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഏതെല്ലാം മന്ത്രിമാർക്കെതിരെ എത്രവീതം വിജിലൻസ് കേസുകളോ, അന്വേഷണമോ നടക്കുന്നുണ്ടായിരുന്നു ; അവയിൽ അവശേഷിക്കുന്നവ എത്ര ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ താഴെപ്പറയുന്ന മന്ത്രിമാർ വിജിലൻസ് അന്വേഷണങ്ങൾ നേരിടുന്നുണ്ടായിരുന്നു.<br>1.ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വി.ഇ.2/2011/എസ്.സി.കെ.)<br>2.ശ്രീ.സി.എൻ.ബാലകൃഷ്ണൻ (വി.ഇ.7/2009/തൃശ്ശൂർ.)<br>3. ശ്രീ.എം.കെ.മുനീർ (വി.ഇ.26/2008/എൻ.ആർ.കെ.)<br>4.ശ്രീ.ആര്യാടൻ മുഹമ്മദ് (വി.ഇ.2/2011/എസ്.സി.കെ.)<br>ശ്രീ.അടൂർ പ്രകാശിനെതിരെയും ശ്രീ.എം.കെ.മുനീറിനെതിരെയും ശ്രീ.പി.ജെ.ജോസഫിനെതിരെയുള്ള വിജിലൻസ് കേസുകൾ അവശേഷിക്കുന്നു. |
| (സി) | മന്ത്രിമാർ ഉൾപ്പെട്ട ഏതെങ്കിലും കേസ് തള്ളിക്കളയാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് കോടതിയോട് ആവശ്യപ്പെടുകയുണ്ടായോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) | മന്ത്രിമാർ ഉൾപ്പെട്ട വി.സി.1/97/എസ്.സി.റ്റി. (പാമോലിൻ കേസ്) പിൻവലിക്കാൻ G.O. (Rt)145/2013/Vig തീയതി 13.9.2013 പ്രകാരം ഉത്തരവ് ആയിരുന്നു. എന്നാൽ ഇത് ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ